# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.6942 13.7.2012-ൽ മറുപടിയ്ക്ക്

## മട്ടന്നൂർ മണ്ഡലത്തിലെ മാങ്ങാട്ടിടം , തില്ലങ്കേരി പഞ്ചായത്തുകളിൽ ജലനിധി പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ.പി. ജയരാജൻ | പി.ജെ ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കുന്ന ജലനിധി പദ്ധതി പ്രകാരം ഒരു നിയോജക മണ്ഡലത്തിലെ രണ്ട് ഗ്രാമപഞ്ചായത്തുകളിൽ ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഇപ്പോൾഏതു ഘട്ടത്തിലാണ്; | (എ) കേരളത്തിലാകമാനമുള്ള പരമാവധി 200 ഗ്രാമപഞ്ചായത്തുകളിലായി ഉദ്ദേശം 11.50 ലക്ഷം ജനങ്ങൾക്ക് കുടിവെള്ളവും, ഉദ്ദേശം 7 ലക്ഷത്തോളം ജനങ്ങൾക്ക് ശുചിത്വ സംവിധാനങ്ങളും ലഭ്യമാക്കത്തക്കവിധം 5 വർഷത്തിനുള്ളിൽ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നതും 1022 കോടി രൂപ അടങ്കലുള്ള രണ്ടാം ഘട്ട ജലനിധി പദ്ധതിയുടെ ഒന്നാം ബാച്ചിൽ എറണാകുളം, ആലപ്പുഴ ജില്ലയൊഴികെയുള്ള മറ്റ് ജില്ലകളിൽ നിന്നായി ഇതിനകം 22 പഞ്ചായത്തുകളിൽ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. കൂടാതെ രണ്ടാം ബാച്ചിൽ 68 പഞ്ചായത്തുകളെക്കൂടി തിരഞ്ഞെടുത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം ഒരു പദ്ധതിയ്ക്ക് പരമാവധി എത്ര തുക ലഭ്യമാക്കുവാൻ കഴിയും; | (ബി) | ഒരു പദ്ധതിയ്ക്ക് പരമാവധി തുക എത്രയെന്ന് നിജപ്പെടുത്തിയിട്ടില്ല. പദ്ധതി രൂപരേഖ അനുസരിച്ചാണ് ഇത് നിശ്ചയിക്കുന്നത് (Detailed Scheme Report) |
| (സി) | മട്ടന്നൂർ നിയോജകമണ്ഡലത്തിൽ എം.എൽ.എ. നിർദ്ദേശിച്ച മാങ്ങാട്ടിടം, തില്ലങ്കേരി ശുദ്ധജല വിതരണ പദ്ധതിയുടെ എസ്റ്റിമേറ്റും പ്രോജക്ട് റിപ്പോർട്ടും തയ്യാറാക്കുകയുണ്ടായോ എന്നും ഓരോ പദ്ധതിയ്ക്കും എത്ര തുകയുടെ എസ്റ്റിമേറ്റാണു തയ്യാറാക്കിയിട്ടുള്ളതെന്നും ഇതിനു ഭരണാനുമതി ലഭ്യമാക്കിയോ എന്നും വ്യക്തമാക്കുമോ; | (സി) & (ഡി) | ഇതു സംബന്ധിച്ച് റിപ്പോർട്ടുകൾ ഒന്നും ലഭിച്ചിട്ടില്ല. |
| (ഡി) | പദ്ധതി പ്രകാരം നിർമ്മാണ പ്രവൃത്തികൾ എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്നു വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ